**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6467** **10-07-2024 - ൽ മറുപടിയ്ക്ക്**

**എസ്.സി., എസ്.ടി. വിദ്യാർത്ഥികൾക്ക് കോഴ്സ് പൂർത്തിയാക്കാൻ സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | തോൽവിമൂലം പഠനം നിർത്തുന്ന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ പ്രൊഫഷണൽ കോളേജ് വിദ്യാർത്ഥികൾക്ക് കോഴ്സ് സുഗമമായി പൂർത്തീകരിക്കുന്നതിന് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ? | (എ) | **പട്ടികജാതി**<br><br>പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പദ്ധതിയുടെ മാനദണ്ഡങ്ങൾ പരിഷ്കരിച്ച് 05/01/2023 ലെ സ.ഉ (അച്ചടി) നമ്പർ 2/2023/SCSTDപ്രകാരം പ്രൊഫഷണൽ കോഴ്സുകൾ ഉൾപ്പെടെയുള്ള കോഴ്സുകളിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്ക്, രോഗം കാരണമായി ഒരു അക്കാദമിക് വർഷത്തെ പരീക്ഷ എഴുതാൻ കഴിയാത്ത പക്ഷം ബന്ധപ്പെട്ട അതോറിറ്റിയിൽ നിന്നുള്ള മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ സ്ഥാപന മേധാവിയുടെ ശുപാർശ പ്രകാരം റിന്യൂവൽ നൽകുന്നുണ്ട് .<br><br>ഏതെങ്കിലും യൂണിവേഴ്സിറ്റി/ സ്ഥാപനത്തിന്റെ നിയമാവലി പ്രകാരം താഴ്ന്ന ക്ലാസ്സിലെ പരീക്ഷ പാസ്സാകാതെ ഉയർന്ന ക്ലാസിലേയ്ക്ക് പ്രമോട്ട് ചെയ്യുകയും പിന്നീട് താഴ്ന്ന ക്ലാസ്സിലെ പരീക്ഷ എഴുതേണ്ടി വരികയും ചെയ്താലും മറ്റ് വിധത്തിൽ അർഹതയുള്ള പക്ഷം വിദ്യാർത്ഥിയ്ക്ക് ഉയർന്ന ക്ലാസ്സിലെ സ്കോളർഷിപ്പ് അനുവദിച്ച് വരുന്നു.<br><br>ഏതെങ്കിലും ക്ലാസ്സിൽ തോൽക്കുകയും അതേ ക്ലാസ്സിൽ റെഗുലർ സ്റ്റുഡൻറ് ആയി വീണ്ടും ചേരുകയും ചെയ്താൽ ഒരു അധിക വർഷം അല്ലെങ്കിൽ യഥാർത്ഥ കാലയളവ് ഏതാണോ കുറവ് എന്നത് പ്രകാരം ആനുകൂല്യം അനുവദിക്കുന്നുണ്ട്. ഇപ്രകാരം റിപ്പീറ്റ് ചെയ്യുന്നവർക്ക് ഫീസ് ആനുകൂല്യങ്ങളും, സ്റ്റേറ്റ് അക്കാദമി അലവൻസിന്റെ 50% നിരക്കിലുള്ള തുകയും ഒരു തവണത്തേയ്ക്ക് മാത്രം അനുവദിച്ച് വരുന്നു.<br><br>**പട്ടികവർഗ്ഗം** |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്ത് എഞ്ചിനീയറിംഗ് പഠനം നടത്തുന്നതും, പ്രവേശനം ലഭിച്ച് വിവിധ കാരണങ്ങൾ കൊണ്ട് പഠനം പൂർത്തിയാക്കുവാൻ കഴിയാത്തവരും, പരീക്ഷയിൽ പരാജയപ്പെട്ടവരുമായ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ‘‘സമുന്നതി" എന്ന പദ്ധതി പ്രകാരം കോഴ്സ് പൂർത്തിയാക്കുന്നതിന് അക്കാദമിക് പിന്തുണ നൽകിയിരുന്നു. |

സെക്ഷൻ ഓഫീസർ